# പരിസ്ഥിതിബോധം സമകാലിക മലയാളകവിതയിൽ
# ECO CONSCIENCE IN CONTEMPORARY MALAYALAM POEMS

**(1991 MRP-14-15/KLMG060/UGC-SWRO dated 04 Feb 2015)**

**Final Report Submitted to**

**UNIVERSITY GRANTS COMMISSION**

**By**
**DR. D.REJIKUMAR**
Principal Investigator &
Assistant Professor of Malayalam

**DEPARTMENT OF MALAYALAM**
**M.E.S. COLLEGE, NEDUMKANDAM**
**IDUKKI, KERALA-685553**

# പരിസ്ഥിതിബോധം സമകാലിക മലയാളകവിതയിൽ
# 'ECO CONSCIENCE IN CONTEMPORARY MALAYALAM POEMS'

## പ്രബന്ധസംഗ്രഹം

പ്രകൃതി/പരിസ്ഥിതിയുടെയും മനുഷ്യന്റെയും പരസ്പരപൂരകത്വം പൗരാണികകാലം മുതൽ അംഗീകൃതമായി തുടർന്നു പോന്നിരുന്നതാണ്. കാളിദാസനെപ്പോലെയുള്ള വിശ്വമാന വികകവികൾ തങ്ങളുടെ കൃതികളിലൂടെ ഈ ഏകോദരസഹോദരബന്ധം ദൃഢീകരിക്കാനും ശ്രമിച്ചിട്ടുണ്ട്. പ്രകൃതിയോടു ചേർന്നുനില്ക്കുമ്പോൾ മാത്രം മനുഷ്യനു സർവൈശ്വര്യങ്ങളും കൈവരുന്നതും വേർപിരിയുമ്പോൾ അതു നഷ്ടമാകുന്നതും അത്തരം കൃതികളിൽ കാണാം. എന്നാൽ സമസ്തമേഖലകളിലുമുള്ള ആധുനികതയുടെ കടന്നു വരവ് ഈ ദർശനത്തിനും ബോധ്യത്തിനും മാറ്റം വരുത്തി. പ്രകൃതിപരിപാലനത്തെ അപേക്ഷിച്ചു പ്രകൃതിചൂഷണം മേൽക്കൈ നേടിയതോടെ പ്രകൃതിയുടെ/പരിസ്ഥിതിയുടെ സ്വാഭാവികചലനങ്ങൾ തന്നെ അട്ടി മറിക്കപ്പെട്ടു. ഏകോദരസഹോദരഭാവം കൈവിട്ട്, പരിസ്ഥിതിനശീകരണത്തിനു മറുപടിയെ ന്നോണം പ്രകൃതിക്ഷോഭങ്ങളുമായി പ്രകൃതിയും പ്രതികരിച്ചു തുടങ്ങിയതോടെ ബദ്ധശത്രുക്ക ളുടെ ഭാവത്തിലേയ്ക്കു മാറിയ പ്രകൃതി/പരിസ്ഥിതിയെയും മനുഷ്യനെയുമാണ് ആധുനചശ കാലത്തു കാണാൻ കഴിയുന്നത്. ഗൗരവതരമായ ഈയൊരവസ്ഥയെപ്പറ്റി ആധുനികമനുഷ്യനു ണ്ടായ തിരിച്ചറിവിൽനിന്നാണ് പ്രകൃതി/പരിസ്ഥിതി സംരക്ഷണമുദ്രാവാക്യങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ജനനം. എല്ലാക്കാലവും ഇതിൽ പ്രധാന ആശയവിനിമയമാർഗ്ഗ മായിരുന്ന ഭാഷയും സാഹിത്യവും അവയുടേതായ പങ്കുവഹിച്ചു എന്നല്ല, ഇപ്പോഴും അതു തുടരുന്നു. പരിസ്ഥിതിദർശനങ്ങൾ അവബോധതലത്തിലേയ്ക്കും സംസ്കാരതലത്തി ലേയ്ക്കും എത്തിയിരിക്കുന്ന വർത്തമാനകാലത്തും സമീപഭൂതകാലത്തും മലയാളകവിതക ളിൽ തീക്ഷ്ണതയോടെ പ്രകടമാകുന്ന പരിസ്ഥിതിബോധം വിശകലനവിധേയമാക്കേണ്ടതു തന്നെയാണ്. കാരണം ജൈവവൈവിധ്യനഷ്ടം സാംസ്കാരികവൈവിധ്യനഷ്ടത്തിലേയ്ക്കും ക്രമേണ ഭാഷകളുടെ തിരോധാനത്തിനു വരെയും കാരണമാകുന്നുവെന്നു പഠനങ്ങൾ ചൂണ്ടി ക്കാട്ടുന്നുണ്ട്.

പരിസ്ഥിതിയും മനുഷ്യനുമുൾപ്പെടുന്ന ജീവീയ, അജീയവീയ ഘടകങ്ങൾ ചേർന്നു രൂപം കൊണ്ടിട്ടുള്ള ആവാസവ്യവസ്ഥ അഥവാ ഇക്കോസിസ്റ്റത്തിൽ ഇപ്പോൾ ഭൗതിക, ഭൗതി കേതര, ആശയ, മനോലോകങ്ങളെല്ലാം ഉൾചേർന്ന് ഒരു സാംസ്കാരിക ഇക്കോവ്യവസ്ഥയായി മാറിയിരിക്കുന്നു. സമകാലികമലയാളകവിതകളിൽ നല്ലൊരു പങ്ക് ഈയൊരു ആശയവുമായി സംവദിക്കുന്നുണ്ട്. കുരീപ്പുഴ ശ്രീകുമാർ, മുരുകൻ കാട്ടാക്കട, റഫീക് അഹമ്മദ്, വീരാൻകുട്ടി, സുഗതകുമാരി തുടങ്ങിയവരുടെ കവിതകളിൽ തെളിയുന്ന പരിസ്ഥിതിബോധം വിശകലനം

ചെയ്യുന്നതിനും പരിസ്ഥിതിബോധവുമായി ബന്ധപ്പെട്ട ഇതര സാഹിത്യപ്രവർത്തനങ്ങളെ പഠന, വിശകലന, അവലോകനബദ്ധമായി ക്രോഡീകരിക്കുന്നതിനുമാണ് ഈ ഗവേഷണപദ്ധതിയിലൂടെ ഉദ്ദേശിച്ചത്. ഗവേഷണത്തിന്റെ അധ്യായസംവിധാനം താഴെപ്പറയും വിധമാണ്.

**അധ്യായം 1 കവിതയിലെ പരിസ്ഥിതി ദർശനം**

- പ്രാചീനഘട്ടം
- മധ്യഘട്ടം
- ആധുനികഘട്ടം

**അധ്യായം 2 പാരിസ്ഥിതികാവബോധത്തിന്റെ നവഭാവുകത്വപരിണാമം**

- പാരിസ്ഥിതികാവബോധം പ്രകടമാക്കുന്ന കവിതകൾ
- ഘട്ടം ഘട്ടമായി പരിവർത്തനവിധേയമാകുന്ന പാരിസ്ഥിതിക സൂക്ഷ്മാവലോകനം
- പാരിസ്ഥിതികബോധത്തിന്റെ മാനുഷികതലം

**അധ്യായം 3 പരിസ്ഥിതിബോധം സമകാലിക മലയാളകവിതയിൽ**

- കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകളിലെ പരിസ്ഥിതിബന്ധം
- മുരുകൻ കാട്ടാക്കടയുടെ കവിതകളും പരിസ്ഥിതിയും
- റഫീക് അഹമ്മദിന്റെ കവിതകളിലെ പാരിസ്ഥിതിക പരാമർശങ്ങൾ
- പരിസ്ഥിതിബോധം വീരാൻകുട്ടിയുടെ കവിതകളിൽ
- പരിസ്ഥിതിബോധം സുഗതകുമാരിയുടെ കവിതകളിൽ

**അധ്യായം 4 ഉപസംഹാരം**

**സഹായകഗ്രന്ഥങ്ങൾ**

1. കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ – കുരീപ്പുഴ ശ്രീകുമാർ
2. കണ്ണട (കവിതാസമാഹാരം) – മുരുകൻ കാട്ടാക്കട
3. റഫീക് അഹമ്മദിന്റെ കവിതകൾ – റഫീക് അഹമ്മദ്
4. മൺവീർ (കവിതാസമാഹാരം) – വീരാൻകുട്ടി
5. തുലാവർഷപ്പച്ച – സുഗതകുമാരി
6. പരിസ്ഥിതിബോധവും സംസ്കാരവും – പി.പി.കെ. പൊതുവാൾ

## ii) ഉദ്ദേശ്യങ്ങൾ/Objectives

സമകാലിക മലയാള കവിതകളിൽ തെളിയുന്ന പരിസ്ഥിതിബോധം സാഹിത്യമേഖലയിൽ നിന്ന് സാമൂഹികമേഖലയിലേയ്ക്കു കൂടി വ്യാപിച്ച് പൊതുവായ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പു വരുത്തുന്നതിലേയ്ക്കാണ് ഈ ഗവേഷണപദ്ധതി ലക്ഷ്യം വച്ചത്. പ്രകൃതിയുടെ സാംസ്കാരിക ഇക്കോവ്യവസ്ഥയെ നിലനിർത്തുന്നതിൽ സാഹിത്യം വഹിക്കുന്ന സുപ്രധാനപങ്ക് ചർച്ചചെയ്യുക എന്നതും ഈ ഗവേഷണപദ്ധതിയുടെ ലക്ഷ്യമാണ്.

********

## Details of the Three Research Papers published under the project

1. A Research Paper with the title, '***Karshika Paristhika Parasparyam Rafeek Ahmedinte*** **Kavithakali*l***' was presented in the U.G.C. National Seminar held from 17th to 19th September 2015 held at N.S.S. College, Nenmara, Palghat.
2. A Research Paper with the title, ***'Paristhithikanubhavathinte Kayapravesam Murukan Kattakadayude Kavithakalil'*** is published in the Peer Reviewed National Journal with ISSN 2348-7984, Vol 3 (1) by the Devaswam Board College, Thalayolaparambu in March 2016.
3. A Research Paper with the title, ***'Space and Scope of Eco-poesy in contemporary Malayalam Literature'*** has been published in the Peer Reviewed Refereed and indexed Inter National Multi Disciplinary Research Journal (online), Research Innovator with ISSN 2348-7674 Vol V, Issue II: April 2018 by the Department of English, Acharya and Marathe College, Mumbai.

*****************

************

******